## കേരള സർവകലാശാല

നം.പി.ആർ.224/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി പരീക്ഷാഫീസ് : തീയതി നീട്ടി

കേരള സർവകലാശാല ഡിസംബർ 22-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (സി.ബി.സി.എസ്.എസ് - കരിയർ റിലേറ്റഡ് ഉൾപ്പെടെ - റഗുലർ - 2016 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് - 2015 അഡ്മിഷൻ, സപ്ലിമെന്ററി - 2013 & 2014 അഡ്മിഷൻസ്) പരീക്ഷകൾക്ക് പിഴകൂടാതെ ഡിസംബർ മൂന്ന് (50 രൂപ പിഴയോടെ ഡിസംബർ ആറ്, 250 രൂപ പിഴയോടെ ഡിസംബർ എട്ട്) വരെ നീട്ടി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ എക്സാം പോർട്ടലിൽ (www.exams.keralauniversity.ac.in) ലഭിക്കും. (എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിന്)

### എം.ഫിൽ ഫലം

കേരള സർവകലാശാല 2015-16 ബാച്ച് എം.ഫിൽ അക്വാട്ടിക് ബയൊളജി ആൻഡ് ഫിഷറീസ് (കാര്യവട്ടം), മലയാളം (കാര്യവട്ടം), ഇക്കണോമിക്സ് (യൂണിവേഴ്സിറ്റി കോളേജ്), മാനുസ്ക്രിപ്റ്റോളജി (കാര്യവട്ടം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എസ്സി സൈക്കോളജി പരീക്ഷ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 29-ന് യൂണിവേഴ്സിറ്റി കോളേജിലും നവംബർ 30-ന് ഗവ. വിമൻസ് കോളേജിലും നടത്തും. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ടെക്നിക്കൽ അസിസ്റ്റന്റ്/ഫീൽഡ് അസിസ്റ്റന്റ് ഇന്റർവ്യൂ നവംബർ 30-ന്

കേരള സർവകലാശാല നവംബർ 28-ന് കാര്യവട്ടം ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ സ്പാഷ്യൽ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജിയിൽ നടത്താനിരുന്ന ടെക്നിക്കൽ അസിസ്റ്റന്റ്/ഫീൽഡ് അസിസ്റ്റന്റ് ഒഴിവിലേക്കുള്ള ഇന്റർവ്യൂ നവംബർ 30-ന് നടത്തും.

### എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ ടൈംടേബിൾ

കേരള സർവകലാശാല ഡിസംബർ എട്ടിന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ/ഐ.ഡി) (2015 സ്കീം - ദ്വിവത്സരം) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### യു.ജി.സി/ജെ.ആർ.എഫ്/നെറ്റ് പരിശീലന ക്ലാസ്

2017 ജനുവരിയിൽ നടക്കുന്ന യു.ജി.സി/ജെ.ആർ.എഫ്/നെറ്റ് (ഹ്യുമാനിറ്റീസ് ജനറൽ പേപ്പർ) പരീക്ഷകളുടെ പരിശീലനം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയിൽ ഡിസംബർ മൂന്ന് മുതൽ (ശനി,

ഞായർ ദിവസങ്ങളിൽ മാത്രം) നടത്തും. ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കാം. ഫോൺ. 0471–2304577.

## <u>മൂന്നാം സെമസ്റ്റർ ഡിഗ്രി പരീക്ഷ</u>

കേരള സർവകലാശാല മൂന്നാം സെമസ്റ്റർ ബി.എ/ ബി.എസ്‌സി/ബി.കോം സി.ബി.സി.എസ് (കരിയർ റിലേറ്റഡ് ഉൾപ്പെടെ) (2013–15 അഡ്മിഷൻ) പരീക്ഷകൾ ഡിസംബർ 21–ന് തുടങ്ങും.

## <u>എം.സി.എ ഫലം</u>

കേരള സർവകലാശാല ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ എം.സി.എ സ്പെഷ്യൽ സപ്ലിമെന്ററി (2011 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## <u>ബി.ടെക് തിയറി</u>

കേരള സർവകലാശാല ഡിസംബറിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (2013 സ്കിം റഗുലർ) പരീക്ഷയ്ക്ക് സെഷണൽ മാർക്ക് ഇംപ്രൂവ് ചെയ്ത 2008 സ്കീമിലെ വിദ്യാർത്ഥികൾ അവരുടെ നിർദ്ദിഷ്ട തിയറി പേപ്പറുകൾക്ക് പിഴകൂടാതെ ഡിസംബർ രണ്ട് വരെയും 50 രൂപ പിഴയോടെ ഡിസംബർ മൂന്ന് വരെയും 250 രൂപ പിഴയോടെ ഡിസംബർ അഞ്ച് വരെയും നേരിട്ട് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
25.11.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**